പ്രോവിഡന്റ് ഫണ്ടിൽനിന്നും തുക പിൻവലിക്കാൻ ഏർപ്പെടുത്തിയ നിയന്ത്രണം

9 [3293] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പ്രോവിഡന്റ് ഫണ്ടിൽനിന്നും തുക പിൻവലിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയന്ത്രണം ഏത് തീയതി മുതൽക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) നിയന്ത്രണം ഏത് തീയതിവരെ നിലനിൽക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വന്തം പ്രോവിഡന്റ് ഫണ്ടിൽനിന്നും തുക പിൻവലിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം ജീവനക്കാരിൽ കടുത്ത അസംതൃപ്തി സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നിയന്ത്രണം പിൻവലിക്കുവാൻ സർക്കാർ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും സ്വന്തം പ്രോവിഡന്റ് ഫണ്ടിൽനിന്നും തുക പിൻവലിക്കുന്നതിന് പുതുതായി നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സാമ്പത്തിക വർഷം പ്രോവിഡന്റ് ഫണ്ടിൽനിന്നും സാധാരണ ഗതിയിൽ എൻ. ആർ. എ. ഇനത്തിൽ ഒരു ലക്ഷം രൂപയും താൽക്കാലിക വായ്പാ ഇനത്തിൽ ഒരു ലക്ഷം രൂപയും പിൻവലിക്കാം എന്ന ഒരു നിബന്ധന നേരത്തെ ഉള്ളതാണ്. ഈ നിബന്ധനയിൽ ജീവനക്കാരുടേയും ആശ്രിതരുടേയും ചികിൽസ, കെട്ടിട നിർമ്മാണം, മക്കളുടെ വിവാഹം/വിദ്യാഭ്യാസം, ഹജ്ജ് കർമ്മം എന്നീ ആവശ്യങ്ങൾക്കായി പ്രത്യേക ഇളവ് നൽകാറുണ്ട്.

(ബി—ഇ) (എ)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly